(ബി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലര വർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ;

(സി) 2011 മുതൽ ഇതുവരെയുള്ള ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം; ഓരോ വർഷവും ഓരോ പദ്ധതിയ്ക്കുമായി അനുവദിക്കപ്പെട്ട തുക എത്രയെന്നും ആയതിൽ ട്രഷറിയിൽ നിന്നും പിൻവലിക്കാതെ അവശേഷിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, മലയോര വികസന അതോറിറ്റി, വർക്കലയുടെ സമഗ്ര വികസനം, കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ, വള്ളുവനാട് വികസന അതോറിറ്റി, ഭരണങ്ങാനം വികസന അതോറിറ്റി, ഹിൽ ഹൈവേ, കോട്ടയം മൊബിലിറ്റി ഹബ് തുടങ്ങിയവയാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം പ്രത്യേക പരിഗണന നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം, യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

നബാർഡ് ധനസഹായം ലഭ്യമാക്കാൻ നടപടി

78 (1903) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ആഗസ്റ്റ് 29 ന് ആലപ്പുഴ തീരദേശ ഹൈവേയിൽ വാടാപ്പൊഴി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്, അമ്പലപ്പുഴ എം.എൽ.എ.-യുടെ നേതൃത്വത്തിൽ, ആലപ്പുഴ ബിഷപ്പിന്റെ പ്രതിനിധികളും ആക്ഷൻ കൗൺസിൽ പ്രതിനിധികളും അടങ്ങിയ നിവേദക സംഘം ബഹു. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

* . ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാമെന്ന ബഹു. ധനമന്ത്രിയുടെ ഉറപ്പിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, നബാർഡ് സഹായത്തോടെ റോഡ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 27-8-2014-ൽ ലഭിച്ച നിവേദനം നബാർഡിന്റെ ധനസഹായം ലഭ്യമാക്കാനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 22-9-2014-ൽ പൊതുമരാമത്ത് വകുപ്പിന് അനൗദ്യോഗിക കുറിപ്പ് അയയ്ക്കുകയുണ്ടായി. അതുപ്രകാരം 30-9-2014-ൽ പൊതുമരാമത്ത് വകുപ്പ് 250 ലക്ഷം രൂപയുള്ള പദ്ധതിരേഖ ധനകാര്യവകുപ്പിന് സമർപ്പിക്കുകയുണ്ടായി. ധനകാര്യ വകുപ്പ് 14-10-2014-ൽ പ്രസ്തുത പദ്ധതിരേഖ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി അയയ്ക്കുകയുണ്ടായി.

എന്നാൽ 21-11-2014-ൽ നബാർഡ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആവശ്യമായ സ്ഥലം ഇല്ലാത്തതടക്കം ചില അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ധനകാര്യവകുപ്പിന് കത്തയയ്ക്കുകയുണ്ടായി. തുടർന്ന് ധനകാര്യ വകുപ്പ് 2-12-2014-ൽ ഈ വിവരം പൊതുമരാമത്ത് വകുപ്പിനെ രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനുശേഷം പൊതുമരാമത്ത് വകുപ്പ് 9-12-2014-ൽ ഈ വിവരം പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറെ അറിയിക്കുകയും ന്യൂനതകൾ ഇല്ലാത്ത പദ്ധതിരേഖ (DPR) നബാർഡിൽ നേരിട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

ആവശ്യമായ സ്ഥലം ലഭ്യമായാൽ നബാർഡിന്റെ സഹായത്തിനായി പദ്ധതിരേഖ വീണ്ടും സമർപ്പിക്കാവുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി പി.ഡബ്ല്യു.ഡി.യ്ക്ക് 100 കോടി രൂപ RIDF XXI-ൽ വകയിരുത്തിയിരുന്നു. എന്നാൽ 146 കോടി രൂപയുള്ള പദ്ധതികൾ ഇതിനോടകംതന്നെ നബാർഡിന് സമർപ്പിക്കുകയുണ്ടായി. ആയതിനാൽ അടുത്ത സാമ്പത്തിക വർഷം RIDF XXII(2016-17) പ്രസ്തുത പദ്ധതി നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിക്കാവുന്നതാണ്. (ബന്ധപ്പെട്ട കണക്കുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly